# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 159 25.03.2013-ൽ മറുപടിയ്ക്ക്

## ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ ബാലൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനങ്ങളുടെ ജീവനും സ്വത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും സംരക്ഷണം നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജനങ്ങളുടെ ജീവനും സ്വത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും സാധ്യമായ എല്ലാ സംരക്ഷണവും പോലീസ് നൽകിവരുന്നുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി രാത്രി പകൽഭേദമന്യേ പട്രോളിംഗും, ബീറ്റ് ഡ്യൂട്ടിയും നടത്തുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിവയവുമായി സഹകരിച്ച് ജനമൈത്രീ പോലീസിന്റെ നേതൃത്വത്തിൽ ഓരോ പ്രദേശത്തിന്റെയും സുരക്ഷ സംബന്ധിച്ച് വിലയിരുത്തുകയും സ്വീകരിക്കേണ്ട നടപടികൾ പൊതു ജനങ്ങളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അറിയിക്കുകയും ചെയ്യുന്നു. പൊതു ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതിനായി കോടതി ഉത്തരവുകളുടെയും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളുടെയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് പ്രകാരം പൊതുവഴികൾ പൂർണ്ണമായും |

തടസ്സപ്പെട്ടിട്ടില്ലെന്നും റോഡിന്റെ ഒരു വശം ഗതാഗതത്തിനും സഞ്ചാരത്തിനുമായി സുസജ്ജമാണെന്നും പോലീസ് ഉറപ്പാക്കുന്നുണ്ട്.

(ബി) കൊള്ളയും പിടിച്ചുപറിയും പീഡനങ്ങളും കവർച്ചയും ഗുണ്ടാ ആക്രമണങ്ങളും ബലാത്സംഗങ്ങളും സംസ്ഥാനത്ത് നിത്യസംഭവങ്ങളായിരിക്കുകയും ജനങ്ങൾ ഭീതിയിൽ അകപ്പെട്ടിരിക്കുകയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊള്ളയും പിടിച്ചുപറിയും പീഡനങ്ങളും കവർച്ചയും ഗുണ്ടാ ആക്രമണങ്ങളും ബലാത്സംഗങ്ങളും സംസ്ഥാനത്ത് നിത്യസംഭവങ്ങളായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങൾ ഭീതിയിൽ അകപ്പെട്ടിട്ടുമില്ല.

(സി) അവരവരുടെ വീട്ടുകളിൽ കിടന്നുറങ്ങാനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നാട്ടിലിറങ്ങി നടക്കാനും പറ്റാത്ത അന്തരീക്ഷം സംജാതമായി എന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ;

(സി) ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കായി പോലീസ് വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. പൊതുസ്ഥലങ്ങളിലും, ജോലി സ്ഥലങ്ങളിലും ട്രെയിനുകളിലും മറ്റ് വാഹനങ്ങളിലും സ്ത്രീകൾക്ക്നേരെ അതിക്രമങ്ങൾ ഉണ്ടാകാതെ തടയുന്നതിനായി വനിതാ പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുണ്ട്. വനിതാ ഷാഡോ പോലീസുദ്യോഗസ്ഥർ ഇത്തരം അതിക്രമങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ച് വരുന്നുണ്ട്. സ്ത്രീകൾക്കും, പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് അവരെ ബോധവതികളാക്കുന്നതിനായി ജനമൈത്രീ പോലീസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് സെമിനാറുകൾ സംഘടിപ്പിയ്ക്കുന്നുണ്ട്. പെൺകുട്ടികളുടെ സുരക്ഷയ്ക്കായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളെ ലൈംഗികമായി ചൂഷണം

ചെയ്യുന്നതുൾപ്പെടെയുള്ള അതിക്രമങ്ങളെപ്പറ്റി പ്രസ്തുത പദ്ധതിയിലൂടെ അവർക്ക് അവബോധം നൽകുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ സാധ്യമായ പോലീസ് നിരീക്ഷണവും പട്രോളിംഗും നടത്തി വരുന്നുണ്ട്.

| | |
|---|---|
| (ഡി) ഫലപ്രദമായ നിയമ നടപടി ഉണ്ടാകാത്തതിനാൽ പീഡനക്കാരും പിടിച്ചുപറിക്കാരും മോഷ്ടാക്കളും നാട്ടിൽ ഏറിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) പിടിച്ചുപറിക്കാർ, മോഷ്ടാക്കൾ തുടങ്ങിയ സാമൂഹ്യവിരുദ്ധർക്കെതിരെ കർശനവും ഫലപ്രദവുമായി നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇത്തരത്തിൽ നിരന്തരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ KAAP ആക്ട് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുകയും അവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ